## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മിശ്രവിവാഹ രജിസ്ട്രേഷൻ-വ്യത്യസ്ത മത വിഭാഗങ്ങളിൽപ്പെട്ട വിവാഹ രജിസ്ട്രേഷൻ-പുതുക്കിയ നിർദ്ദേശങ്ങൾ സംബന്ധിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം.3134/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 14-11-2012

---

**പരാമർശം :-**

1. സർക്കുലർ നം. 63882/ആർസി3/10/തസ്വഭവ തീയതി 28-2-11
2. ബഹു. കേരള ഹൈക്കോടതിയിലെ WP (C ) 5197/12 നമ്പർ ഹർജിയിലെ 14-3-12 തീയതിയിലെ വിധിന്യായം.

### ഉത്തരവ്

WP (Crl) 201/2010 മേലുള്ള ബഹു. കേരള ഹൈക്കോടതി യുടെ വിധിന്യായപ്രകാരം സംസ്ഥാനത്ത് വ്യത്യസ്ത മത വിഭാഗങ്ങളിൽപ്പെട്ടവരുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം പരാമർശം (1) പ്രകാരമുള്ള സർക്കുലർ മുഖേന പുറപ്പെടുവിച്ചിരുന്നു. വ്യത്യസ്ത മത വിഭാഗങ്ങളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹം രജിസ്റ്റർ ചെയ്യേണ്ടത് 1954 ലെ സ്പെഷ്യൽ മാര്യേജ് ആക്ടിന്റെ കീഴിലാണെന്നും ഇപ്രകാരമുള്ള വിവാഹങ്ങൾ 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾക്കു കീഴിൽ രജിസ്റ്റർ ചെയ്യുന്നത് നിയമാനുസൃതമല്ല എന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ മറ്റൊരു കേസിൽ ഈ നിർദ്ദേശം 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് കോടതി കണ്ടെത്തുകയും 14-3-12 തീയതിയിലെ ബഹു. കേരള ഹൈക്കോടതിയിലെ WP (C ) 5197/12 നമ്പർ റിട്ട് ഹർജിയിലെ വിധിന്യായത്തിൽ പരാമർശം (1) ലെ സർക്കുലർ റദ്ദാക്കുകയും ചെയ്തിരിക്കുന്നു.

2008-ലെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ചട്ടങ്ങൾ നിലവിൽ വന്ന ശേഷം സംസ്ഥാനത്തു നടക്കുന്ന എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിന്റെ വ്യവസ്ഥ പ്രകാരം മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ പ്രകാരം നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ട വിവാഹങ്ങൾ ഈ ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതല്ലാത്തതും അപ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി വിവാഹങ്ങൾ അതത് വ്യവസ്ഥകൾക്കു കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതോടൊപ്പം മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് ഹിതാനുസരണമായിട്ടുള്ള വിവാഹങ്ങൾ അപ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകളിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത പക്ഷം ഈ ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

ചട്ടം 9 പ്രകാരമുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമത്തിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് സമർപ്പിക്കേണ്ട മെമ്മോറാണ്ടത്തിൽ വിവാഹത്തിലേർപ്പെടുന്ന ഇരു കക്ഷികളും വിവാഹത്തിനു സാക്ഷ്യം വഹിച്ച മറ്റ് രണ്ടാളുകളും ഒപ്പ് വയ്ക്കേണ്ടതാണ്. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്കുകീഴിൽ നിയമിക്കപ്പെട്ട ഒരു വിവാഹ ഓഫീസറുടെ മുമ്പാകെ നടന്ന വിവാഹത്തിന്റെ സംഗതിയിൽ വിവാഹ രജിസ്റ്ററിലെയോ ഈ ആവശ്യത്തിനായി വെച്ചു പോരുന്ന മറ്റേതെങ്കിലും രജിസ്റ്ററിലേയോ വിവാഹ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഉൾക്കുറിപ്പുകളും മതാചാരപ്രകാരം നടന്ന വിവാഹത്തിന്റെ സംഗതിയിൽ ബന്ധപ്പെട്ട മതാധികാരസ്ഥാനം

നൽകുന്ന വിവാഹ സാക്ഷ്യപത്രത്തിന്റെ പകർപ്പോ ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നോ പാർലമെന്റ് അംഗത്തിൽ നിന്നോ നിയമസഭ അംഗത്തിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗത്തിൽ നിന്നോ ഈ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള II -ാം നമ്പർ ഫാറത്തിലുള്ള ഒരു പ്രഖ്യാപനമോ വിവാഹം നടന്നത് തെളിയിക്കുന്നതിനുള്ള ഒരു രേഖയാകാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വ്യത്യസ്ത മത വിഭാഗങ്ങളിൽപ്പെട്ട രണ്ടു വ്യക്തികൾ തമ്മിലുള്ള വിവാഹം പൊതുനിയമത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യാൻ കഴിയില്ല എന്ന 23-2-11-ലെ സർക്കുലറിലെ നിർദ്ദേശം സാധുവല്ലാത്തതും പൊതുനിയമത്തിലെ നിബന്ധനകൾക്ക് വിരുദ്ധവുമാണെന്ന് കോടതി വ്യക്തമാക്കി. റൂൾ 6-ലെ വ്യവസ്ഥ പ്രകാരം സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും നിർബന്ധമായും ഈ ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യണമെന്ന ബാധ്യതയ്ക്ക് ഒരു അപവാദം നൽകൽ മാത്രമാണ് എന്നും എന്നാൽ ഈ ചട്ടങ്ങൾക്ക് കീഴിൽ ഒരു വിവാഹം രജിസ്റ്റർ ചെയ്യാതിരിക്കാനുള്ള തടസ്സവാദമായി ഉന്നയിക്കുന്ന തരത്തിൽ വ്യാഖ്യാനിക്കരുത് എന്നും ബഹു. കോടതി വ്യക്തമാക്കി. 2008-ലെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ ബഹു. സുപ്രീം കോടതിയുടെ Seema Vs Aswini kumar 2006 (1) KLT 791 (SC) എന്ന കേസിലെ വിധിന്യായപ്രകാരമാണ് രൂപീകരിച്ചിട്ടുള്ളത് എന്നതിനാൽ ഏതെങ്കിലും വിവാഹം പ്രസ്തുത ചട്ടങ്ങൾക്കു കീഴിൽ രജിസ്റ്റർ ചെയ്ത് നൽകാതിരിക്കുന്നത് ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അന്തസത്തയ്ക്ക് തന്നെ എതിരാകുമെന്നും കോടതി നിരീക്ഷിച്ചു.

ഈ സാഹചര്യത്തിൽ സർക്കാർ താഴെ പറയും പ്രകാരം നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നു. സംസ്ഥാനത്ത് നടക്കുന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് 2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരമുള്ള ആധികാരിക രേഖ ഹാജരാക്കിയാൽ അപേക്ഷകരുടെ ഹിതാനുസരണം പ്രസ്തുത ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തു നൽകാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടി.ജെ. മാത്യു
സെക്രട്ടറി.

**To**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
[signature]
സെക്ഷൻ ഓഫീസർ.

Copy to: P.S. to Minister (Urban affairs and minorities)